**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4417** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡി.ആർ.റ്റി. മുഖാന്തിരം എത്ര വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ പത്ത് വർഷത്തിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ പ്ലോട്ടുകളിൽ 5 വ്യവസായ സ്ഥാപനങ്ങളാണ് ഡി.ആർ.റ്റി മുഖാന്തിരം കൈമാറ്റം ചെയ്തിട്ടുള്ളത്. ഇതിൽ 2 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഡി.ആർ.റ്റി. മുഖാന്തിരം ലഭിക്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വ്യവസായ ഭൂമി ഏറ്റെടുക്കുവാൻ താൽപര്യമുള്ള സംരംഭകർ ഡി.ആർ.റ്റി. മുഖാന്തിരം ലഭിക്കുന്ന ഭൂമി വാങ്ങുന്നു. അത്തരം സംഗതികളിൽ ബന്ധപ്പെട്ട സംരംഭകർ തങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ കൃത്യമായ, വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം ഭൂമി കൈമാറ്റം ക്രമവത്ക്കരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രൊജക്റ്റിന്റെ സാമ്പത്തിക പ്രായോഗികതയും സാങ്കേതിക സാധ്യതയും ജില്ലാ തലത്തിലെ ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി (DILAC) പരിശോധിച്ചാണ് അനുമതി നൽകി ക്രമവത്ക്കരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ചിലർ സാമ്പത്തികമായും സാങ്കേതികമായും നടപ്പിലാക്കാൻ പ്രയാസമായ രീതിയിലുള്ള പ്രൊജക്റ്റ് സമർപ്പിക്കാറുണ്ട്. ഇതിന് DILAC ന്റെ അംഗീകാരം ലഭിക്കുവാൻ പ്രയാസമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് പ്രൊജക്റ്റ് തയ്യാറാക്കി സമർപ്പിക്കുവാനും, നടപടി ക്രമവൽക്കരിക്കുവാനും ജില്ലാ തലത്തിൽ ഉദ്യോഗസ്ഥർ സഹായം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ